

# നോമ്പ് ഏഴാം ബുധൻ (യോഹ 12: 20-36)

പ്രകാശത്തിന്റെ മക്കളാകാൻ വിളിക്കപ്പെട്ടവരാണ് മിശിഹാനുയായികൾ. അന്ധകാരമുള്ളിടത്ത് പ്രകാശമാകാനാണവർ വിളിക്കപ്പെട്ടിരിക്കുന്നത്. ദൈവം പ്രകാശമാണെന്നും ദൈവത്തിൽ അന്ധകാരം ഒട്ടുമില്ലെന്നും (1 യോഹ 1:5) മിശിഹായിൽ നിന്ന് വെളിപ്പെട്ട സത്യമാണ്. താൻ തന്നെ പ്രകാശമാണെന്ന് ഈശോ വീണ്ടും പറഞ്ഞു (യോഹ 8:12). തന്നെ അനുഗമിക്കുന്ന ഓരോ വ്യക്തിയോടും അവിടുന്ന് അരുളിച്ചെയ്തു: നിങ്ങൾ ലോകത്തിന്റെ പ്രകാശമാണ് (മത്താ 5:10). നിത്യപ്രകാശമായ ഈശോയിൽ നിന്ന് പ്രകാശം സ്വീകരിച്ച് ലോകത്തിന് വെളിച്ചമാകാൻ വിളിക്കപ്പെട്ടവരാണ് ക്രൈസ്തവർ. അവർക്ക് അന്ധകാരശക്തികളോട് കൂട്ടുകൂടാനാകില്ല. നമ്മെ പ്രകാശത്തിന്റെ മക്കളായി ജീവിക്കാൻ പ്രേരിപ്പിക്കുന്നതും അതിനായ് ശക്തിപ്പെടുത്തുന്നതും വചനവും കൂദാശകളുമാണ്. നാളെ മുതൽ (പെസഹാത്രിദിനം) കൂദാശകളിലേക്ക് നമ്മെ നയിക്കുകയും അതിനെക്കുറിച്ച് നമ്മെ പ്രബോധിപ്പിക്കുകയും ചെയ്യുന്ന നാളുകളാണ്. അവയുടെ ആന്തരാർത്ഥം മനസ്സിലാക്കാനുള്ള ബുദ്ധിയുടെ പ്രകാശത്തിനായി നമുക്ക് പ്രാർഥിക്കാം.


**തയ്യാറാക്കിയത്,**
**ഫാ. കുര്യാക്കോസ് മൂഞ്ഞേലി MCBS**
**13-04-2022**

**സീറോ മലബാർ ആരാധനക്രമ കമ്മീഷൻ**
**മൗണ്ട് സെന്റ് തോമസ്, കാക്കനാട്**

**Read more: wwwsyromalabarliturgy.org**